# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2497 — 19.12.2012-ലെ മറുപടിക്ക്

## എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണ്ണയം നടത്തുവാൻ ലബോറട്ടറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണ്ണയം നടത്തുവാൻ ലബോറട്ടറികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജനറൽ, ജില്ലാ, താലൂക്ക്, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും രോഗനിർണ്ണയം നടത്തുവാനുള്ള ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ബഹുഭൂരിപക്ഷത്തിലും രോഗനിർണ്ണയ സൗകര്യങ്ങൾ നിലവിലുണ്ട്. നിലവിലില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഘട്ടം ഘട്ടമായി ഈ സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| ബി) സ്വകാര്യ ലബോറട്ടറികൾ ഒരേ രോഗനിർണ്ണയത്തിന് വ്യത്യസ്ത നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; നിരക്ക് ഏകീകരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ ലബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം രജിട്രേഷൻ ഫീസ് ഏകീകരണം എന്നിവയിലേക്കായി ദ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരടു രൂപം തയ്യാറാക്കി വരികയാണ്. ഈ ബിൽ നിലവിൽ വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ വ്യക്തമായ നിയന്ത്രണം ഉണ്ടാകും. |

സി) ശരിയായി രോഗനിർണ്ണയം നടത്താൻ യോഗ്യതയുള്ള ലബോറട്ടറി ടെക്നീഷ്യൻമാരെ നിയമിക്കുവാൻ സർക്കാർ കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

സി) ഇപ്പോൾ തയ്യാറാക്കി കൊണ്ടിരിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിൽ ഇതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതാണ്

ഡി) സ്വകാര്യ ലബോറട്ടറികളിൽ പലതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിച്ച എത്ര ലബോറട്ടറികൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

ഡി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ 18 സ്വകാര്യ ലബോറട്ടറികൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്

ഇ) സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം നിരീക്ഷിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; ഇത്തരം ലാബുകളുടെ പ്രവർത്തനം നിരീക്ഷിക്കുവാനും നടപടി സ്വീകരിക്കുവാനും സർക്കാർ പുതിയ പദ്ധതികൾക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇ) നിലവിൽ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന് ശാശ്വതമായ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടിയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്

സെക്ഷൻ ഓഫീസർ